# ‘യഹോവെക്കു സ്തോത്രം ചെയ്‌വിൻ’

## യോശുവ 1:9

**“നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കൽപിച്ചുവല്ലോ.”**

മോശെയുടെ മരണ ശേഷം യിസ്രായേൽ മക്കളെ നയിക്കുവാൻ തക്കവണ്ണം ദൈവം യോശുവയെ ഭരമേൽപ്പിക്കുന്ന രംഗമാണ് നാം യോശുവയുടെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ വായിച്ചു തുടങ്ങുന്നത്. ഇവിടെ നാം കാണുന്നത് ദൈവത്തിന്റെ വിളിയും ആ വിളിയുടെ പിമ്പിലുള്ള ദൈവത്തിന്റെ ഉദ്ദേശവും അതിനു വേണ്ടുന്ന ഓരോ കാര്യങ്ങളെയും ക്രമീകരിച്ച് അത് അവന്റെ ഹിതപ്രകാരം മുമ്പോട്ടു കൊണ്ടുപോകാൻ കഴിവുള്ള ഒരു ദൈവമാണ് താൻ എന്നു കാണിക്കുന്നതായിട്ടാണ്. ഈ അദ്ധ്യായത്തിന്റെ വാക്യം 5 മുതൽ നോക്കുകയാണെങ്കിൽ യോശുവയെ, എന്നല്ല, ഏതൊരു മനുഷ്യനെയും ബലപ്പെടുത്തുന്നതും ശക്തിപ്പെടുത്തുന്നതുമായ ദൈവ വചനത്തെ കൊടുത്താണ് അവൻ വിളിക്കുന്നത്. ഇത് അവന്റെ വിളിക്കനുസരിച്ച് അവനെ പിൻപറ്റുന്നവർക്ക് ആത്മധൈര്യം പ്രാപിപ്പാൻ ധാരാളമാണ്.

ഒന്നാലോചിച്ചാൽ ഈ നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മെയും വിളിച്ചവനായ ഈ നല്ല ദൈവം ആ വിളിക്കനുസരിച്ച് അവനു നമ്മിലുള്ള ഉദ്ദേശ്യത്തെ വെളിവാക്കിത്തന്നിരിക്കുന്നു. അത്, നാം അവന്റെ ഹിതപ്രകാരം അവനു വേണ്ടി ജീവിക്കുക എന്നതാണ്. അതിനായിട്ടാണ് അവൻ നമുക്ക് ജീവനുള്ള അവന്റെ വായിൻ വചനങ്ങളെ നൽകിത്തന്നിരിക്കുന്നത്. സ്വപുത്രനെ കുരിശിൽ യാഗമായി നൽകിയതും പരിശുദ്ധാത്മാവിനെ നമുക്ക് കാര്യസ്ഥനായി വെച്ചിരിക്കുന്നതും അതിന്റെ ഫലപ്രാപ്തിക്കു വേണ്ടിയാണ്. എന്നാൽ നാം അവന്റെ ആഗ്രഹത്തിനനുസരിച്ച് ഫലം കായ്ക്കുന്നവരാണോ? ഈ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് എല്ലാവർക്കും മുഴുനീളെ പറയുവാനും പ്രസംഗിക്കുവാനും സാധിച്ചേക്കാം. എന്നാൽ അവന്റെ വചനത്തിനനുസരിച്ച് ജീവിതത്തെ ക്രമീകരിച്ച് അവൻ ആഗ്രഹിക്കുന്നതു പോലെ ജീവിക്കാൻ അവന്റെ ശിഷ്യന്മാരായി ജീവിതം സമർപ്പിക്കുന്നവർക്കു മാത്രമേ സാധിക്കൂ.

ആയതിനാൽ നാം എന്തിനെ ഇനി ഭയപ്പെടണം? ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിതാവും കർത്താവുമായവൻ നമ്മുടെ പിതാവാം ദൈവമാണെന്നുള്ള ഒരു ബോധ്യം നമുക്ക് ഉണ്ടായിരിക്കണം. അവന്റെ സ്നേഹം നിത്യവും അചഞ്ചലവുമാണ്. അവൻ നമ്മെ നമുക്ക് വേണ്ടുന്നതെല്ലാം നൽകി പരിപാലിക്കുകയും, കാക്കുകയും ചെയ്യുന്നു. അങ്ങിനെയെങ്കിൽ നമുക്ക് അവനിൽ എത്രയധികം സന്തോഷിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഇനിയും നമുക്ക് അവനെ സ്തുതിക്കാതെ നമ്മുടെ നാവിനെ എങ്ങിനെ കടിഞ്ഞാണിട്ട് വെക്കുവാൻ സാധിക്കും. ഈ ദൈവത്തെ നിത്യം പാടി സ്തുതിക്കുകയും അവൻ നമുക്ക് നൽകുന്ന നന്മകൾക്ക് പകരമായി അവനു നമ്മുടെ ജീവിതത്തെ സമർപ്പിക്കുകയും ചെയ്യുക. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പരാമർശം:**

**സങ്കീർത്തനങ്ങൾ 105:1-3**

**യഹോവെക്കു സ്തോത്രം ചെയ്വിൻ; തൻ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; അവന്റെ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ അറിയിപ്പിൻ. അവന്നു പാടുവിൻ; അവന്റെ സകല അത്ഭുതങ്ങളെയും കുറിച്ചു സംസാരിപ്പിൻ. അവന്റെ വിശുദ്ധനാമത്തിൽ പ്രശംസിപ്പിൻ; യഹോവയെ അന്വേഷിക്കുന്നവരുടെ ഹൃദയം സന്തോഷിക്കട്ടെ**

**ബ്രദർ ബിനു ബേബി ആലപ്പുഴ 102**